കോടി രൂപയുടേയും തുണി സ്റ്റോക്കുണ്ട്. കൂടാതെ പ്രാഥമിക കൈത്തറി സംഘങ്ങളിൽ ഏകദേശം 15 കോടി രൂപയുടെ തുണി കെട്ടിക്കിടക്കുന്നുണ്ട്.

284.(1463) കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ (ഹാൻവീവ്) ജീവനക്കാരുടെ ശമ്പള പരിഷ്കരണം/ഇടക്കാലാശ്വാസം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ശമ്പള പരിഷ്കരണം നടപ്പാക്കുന്നത് സംബന്ധിച്ച് ജീവനക്കാർക്ക് ഉറപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉറപ്പു നൽകിയത്;

(ഡി) ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിന് സർക്കാർ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്. ഹാൻവീവ് ജീവനക്കാരുടെ ഇടക്കാലാശ്വാസം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൈത്തറി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഹാന്റ്ലൂം പ്രോസസ്സ് ഹൗസ് വർക്കേഴ്സ് ആന്റ് ഡിപ്പോ വർക്കേഴ്സിന്റെ വേതനവർദ്ധനവ് സംബന്ധിച്ചുള്ള കരാർ പുതുക്കുന്നത് സംബന്ധിച്ചുള്ള കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) കഴിഞ്ഞ ഓണക്കാലത്ത് ജീവനക്കാർ പണിമുടക്കും എന്ന സ്ഥിതി വന്നപ്പോൾ ശമ്പളപരിഷ്കരണം ഉടനെ പരിഗണിക്കുന്നതാണ് എന്ന് ഉറപ്പു നൽകിയിട്ടുണ്ട്.

(ഡി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

285 (1464) കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള വ്യാപാരികളുടെ ഭാഗത്തുനിന്നുള്ള അംശദായം നിശ്ചയിച്ചതിലുള്ള അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ നിലവിലുള്ള നിയമത്തിലെ അപാകത സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) അംശദായം നിശ്ചയിച്ചതിലെ അപാകത നിമിത്തം കുടിശ്ശികയായിട്ടുള്ള തുക പിരിച്ചെടുക്കാനും വ്യാപാരികൾ കുടിശ്ശിക വരുത്താതിരിക്കാനും നിലവിലുള്ള നിയമത്തിൽ അംശദായം പുതുക്കി നിശ്ചയിച്ച് അപാകത തീർക്കാനാവശ്യമായ നിയമഭേദഗതിക്ക് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

286 (1465) പെരളശ്ശേരിയിലെ വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ പ്രവർത്തിച്ചുവരുന്ന കെ. കെ.എസ്സ്. വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഗവൺമെന്റ് ഷെയർ പാർട്ടിസിപ്പേഷൻ സംഖ്യ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ബി) ഈ ആവശ്യം പരിഗണിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) റീ വൈറ്റലൈസേഷൻ ലോണിനുവേണ്ടി പ്രസ്തുത സ്ഥാപനം നൽകിയ അപേക്ഷയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) പ്രോജക്ട് പാക്കേജ് സ്കീമിനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ടോ; അക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ പ്രവർത്തിച്ചുവരുന്ന കെ.കെ.എസ്സ്. വീവേഴ്സ് ഇൻഡസ്ട്രിയൽ കൈത്തറി സഹകരണ സംഘത്തിനു സർക്കാർ ഓഹരി പങ്കാളിത്തമായി 7 ലക്ഷം രൂപ അനുവദിക്കണമെന്ന കണ്ണൂർ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജരുടെ ശുപാർശയോടെയുള്ള അപേക്ഷ സംസ്ഥാന കൈത്തറി ഡയറക്ടർക്കു ലഭിച്ചിരുന്നു. എന്നാൽ ഈ ഇനത്തിൽ നടപ്പു സാമ്പത്തികവർഷം ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുക മുഴുവൻ ഇതിനകം ചെലവഴിച്ചു കഴിഞ്ഞിരുന്നതിനാൽ പ്രസ്തുത സൊസൈറ്റിയുടെ അപേക്ഷ പരിശോധിച്ച് അടുത്ത സാമ്പത്തികവർഷത്തിൽ ഈ ഇനത്തിൽ വകയിരുത്തുന്ന തുകയിൽനിന്നും പരമാവധി അനുവദിക്കാൻ കഴിയുന്നത്ര തുക അനുവദിച്ചു നൽകുന്നതാണ്.

(സി) പ്രസ്തുത സംഘത്തിന് റീവൈറ്റലൈസേഷൻ ലോണായി 1.40 ലക്ഷം രൂപ വായ്പയായി 26.11.99-ൽ അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത സംഘം പ്രോജക്ട് പാക്കേജ് പദ്ധതി പ്രകാരമുള്ള ധനസഹായത്തിനു സമർപ്പിച്ച അപേക്ഷ ചില ന്യൂനതകൾ കണ്ടതിനാൽ അപാകതകൾ പരിഹരിച്ചു സമർപ്പിക്കാനായി തിരിച്ചയയ്ക്കുകയും ആയതു വീണ്ടും ഹാൻഡ്ലൂം ഡയറക്ടർക്ക് പരിഗണനയ്ക്കായി ലഭിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷ സൂക്ഷ്മ പരിശോധനയിൽ ശരിയാണെന്നു കണ്ടാൽ അംഗീകാരത്തിനായി അടുത്തുകൂടുന്ന മോണിറ്ററിംഗ് കമ്മിറ്റിയിൽ ഡയറക്ടർ സമർപ്പിക്കുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരം കിട്ടിയാൽ

LIBRARY ARCHIVES Kerala Legislative Assembly